**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1442** **12-02-2025 - ൽ മറുപടിയ്ക്ക്**

**സംഘടിത തൊഴിൽ മേഖലയിലെ സ്ത്രീപങ്കാളിത്തം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സാമ്പത്തിക വികസനത്തിന്റെ ഏറ്റവും പ്രധാന സൂചകങ്ങളിൽ ഒന്നായ തൊഴിലവസരങ്ങളുടെ സൃഷ്ടിയും നീതിയുക്തമായ തൊഴിൽലഭ്യതയും ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | നീതിയുക്തമായ തൊഴിൽ ലഭ്യത ഉറപ്പാക്കുന്നത് സംബന്ധിച്ച് തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ നടത്തുന്ന സ്ഥാപന പരിശോധനാ വേളയിൽ സ്ത്രീ/ പുരുഷ തൊഴിലാളികൾക്കിടയിൽ വേതനത്തിൽ വ്യത്യാസമില്ലായെന്ന് ഉറപ്പ് വരുത്തുന്നതിനായി 1976-ലെ ഈക്വൽ റെമ്യൂണറേഷൻ ആക്ട് പ്രകാരമുള്ള പരിശോധനകൾ നടത്തുകയും അസമത്വങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ പരിഹരി ക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തുവരുന്നു.<br><br>സമൂഹത്തിലെ എല്ലാ വിഭാഗത്തിൽ പ്പെട്ടവരുടെയും (അശരണരായ വനിതകൾ, ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർ, യുവജനങ്ങൾ, മുതിർന്ന പൗരന്മാർ) തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് 5 സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്കരിച്ച് വിജയകരമായി നടപ്പിലാക്കിവരുന്നു. ഈ സ്വയം തൊഴിൽ പദ്ധതികൾ പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഏതൊരു വ്യക്തിയ്ക്കും ലളിതമായ വ്യവസ്ഥകളിലൂടെ സ്വയം തൊഴിൽ ചെയ്യുന്നതിന് വായ്പയ്ക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. പ്രസ്തുത പദ്ധതി വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. **ശരണ്യ**<br><br>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ, വിവാഹമോചനം നേടിയ സ്ത്രീകൾ, ഭർത്താവ് ഉപേക്ഷിക്കുകയോ/ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ, |

ഭിന്നശേഷിക്കാരായ വനിതകൾ, ശയ്യാവലംബരും നിത്യരോഗികളുമായ ഭർത്താക്കന്മാരുള്ള വനിതകൾ എന്നീ അശരണരായ വനിതകൾക്ക് മാത്രമായിട്ട് സ്വയംതൊഴിൽ ചെയ്യുന്ന പദ്ധതിയാണിത്. കുടുംബ വാർഷിക വരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയാത്ത 18-നും 55-നും ഇടയിൽ പ്രായമുള്ള വനിതകൾക്ക് 50,000/- രൂപ വരെ പലിശരഹിത വായ്പ അനുവദിക്കുന്നു. വായ്പ തുകയുടെ 50% പരമാവധി 25,000/- രൂപ സബ്സിഡിയായി അനുവദിക്കുന്നു.

2. **<u>കൈവല്യ</u>**

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ഭിന്നശേഷിക്കാർക്കായി കൈവല്യ എന്ന പേരിൽ ഒരു സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൽ (1) വൊക്കേഷണൽ & കരിയർ ഗൈഡൻസ് (2) കപ്പാസിറ്റി ബിൽഡിംഗ് (3) മത്സര പരീക്ഷകൾക്കുള്ള പരിശീലനം (4) സ്വയം തൊഴിൽ വായ്പാ പദ്ധതി എന്നിങ്ങനെ നാലു ഘടക പദ്ധതികൾ ഉണ്ട്. സ്വയം തൊഴിൽ വായ്പാ പദ്ധതിയിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിച്ച് ഉപജീവനമാർഗം കണ്ടെത്തുന്നതിലേക്കായി [അൻപത് ശതമാനം പരമാവധി 25,000 (ഇരുപത്തയ്യായിരം രൂപ)] സബ്സിഡിയോടു കൂടി 50,000 (അൻപതിനായിരം രൂപ) വരെ പലിശരഹിത വായ്പ നൽകുന്നു.

3. **<u>നവജീവൻ</u>**

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള 50-65 പ്രായപരിധിയിലുള്ള തൊഴിൽ രഹിതരായ മുതിർന്ന പൗരന്മാർക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് 50,000/-രൂപ (അൻപതിനായിരം രൂപ മാത്രം) വരെ ബാങ്ക് വായ്പയും വായ്പ തുകയുടെ 25% (12,500/-രൂപ ) സർക്കാർ സബ്സിഡി അനുവദിക്കുകയും ചെയ്യുന്നതാണ് ഈ പദ്ധതി.

4 **<u>കെസ്റ്റു (കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദി രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ്)</u>**

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള, തൊഴിൽരഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന വ്യക്തിഗത/ സംയുക്ത സ്വയംതൊഴിൽ പദ്ധതിയാണിത്. പ്രായപരിധി 21-നും 50-നും മധ്യേയുള്ളതും കുടുംബ വാർഷിക വരുമാനം 1,00,000/- രൂപയിൽ കവിയാത്തവർക്കും ഈ പദ്ധതി പ്രകാരം

സ്വയംതൊഴിൽ വായ്പയ്ക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. പരമാവധി 1,00,000/- രൂപ വായ്പയായി അനുവദിക്കുന്നു. വായ്പത്തുകയുടെ 20% സബ്സിഡിയായി സംരംഭകന്റെ ലോൺ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതാണ്.

5. **<u>മൾട്ടി പർപ്പസ് സർവീസ് സെന്റേഴ്സ്/ജോബ് ക്ലബ്</u>**

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള, തൊഴിൽരഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് വായ്പ അനുവദിക്കുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന സംയുക്ത സ്വയംതൊഴിൽ പദ്ധതിയാണിത്. പ്രായപരിധി 21-നും 45-നും മധ്യേയുള്ളതും (പിന്നാക്ക സമുദായത്തിൽപ്പെട്ടവർക്ക് 3 വർഷവും, പട്ടികജാതി/പട്ടികവർഗ്ഗ/ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് 5 വർഷവും ഉയർന്ന പ്രായപരിധിയിൽ ഇളവ് ലഭിക്കും) കുടുംബ വാർഷിക വരുമാനം 1,00,000/- രൂപയിൽ കവിയാത്തവർക്കും അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഓരോ ജോബ് ക്ലബ്ബിലും തെരഞ്ഞെടുക്കുന്ന തൊഴിൽ അനുസരിച്ച് 2 മുതൽ 5 അംഗങ്ങൾ വീതം ഉണ്ടായിരിക്കണം. ഒരു ജോബ് ക്ലബിന് പരമാവധി 10 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. പദ്ധതി ചെലവിന്റെ 25% (പരമാവധി 2 ലക്ഷം രൂപ) സബ്സിഡിയായി അനുവദിക്കുന്നതാണ്. വായ്പ അനുവദിക്കുന്ന മുറയ്ക്ക് സബ്സിഡി തുക ജോബ് ക്ലബ്ബുകളുടെ ലോൺ അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്നതാണ്.

നീതിയുക്തമായ തൊഴിൽലഭ്യത ഉറപ്പാക്കുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനങ്ങൾ നടത്തുമ്പോൾ സർക്കാർ സർവ്വീസിൽ പട്ടികജാതി/ പട്ടികവർഗ്ഗ, പിന്നോക്ക വിഭാഗങ്ങളിലെ ഉദ്യോഗാർത്ഥികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനും, അവരുടെ അവസരങ്ങളും അവകാശങ്ങളും സംരക്ഷിക്കുന്നതിനുമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങളിൽ പി.എസ്.സി യുടെ മാതൃകയിൽ സംവരണക്രമം പാലിക്കുന്നതിനായി G.O (P) 413/70/PD dtd. 21.12.1970 പ്രകാരം 100 പോയിന്റ് ഉള്ള സാമുദായിക സംവരണ പട്ടിക തയ്യാറാക്കി, സംവരണ തത്വം പാലിച്ചാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനങ്ങൾക്കായി ഉദ്യോഗാർത്ഥികളെ നാമനിർദ്ദേശം ചെയ്യുന്നത്. കൂടാതെ സമൂഹത്തിൽ പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങളിലുള്ള തൊഴിൽ അന്വേഷകർക്ക് അർഹമായ പ്രാതിനിധ്യം നൽകുന്നതിനായി അത്തരം വിഭാഗങ്ങൾക്ക്

| | | | | |
|---|---|---|---|---|
| | | | | (ഭിന്നശേഷിക്കാർ, വിധവകൾ) എംപ്ലോയ്മെന്റ് നിയമനങ്ങളിൽ വയസ്സിളവും നൽകി വരുന്നുണ്ട്.<br><br>സാമ്പത്തിക വികസനത്തിന്റെ ഏറ്റവും പ്രധാന സൂചകങ്ങളിൽ ഒന്നായ തൊഴിലവസരങ്ങളുടെ സൃഷ്ടിയും നീതിയുക്തമായ തൊഴിൽ ലഭ്യതയും ഉറപ്പാക്കുന്നതിന് വ്യാവസായിക പരിശീലന വകുപ്പ് സുവ്യക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ആയതിന്റെ ഭാഗമായി നിലവിലുള്ള 107 ഐ.ടി.ഐകളിൽ പഠനം പൂർത്തീകരിക്കുന്ന ട്രെയിനികളിൽ 80 ശതമാനത്തിലധികം പേർക്കും ജോലി ലഭിക്കാനാവശ്യമായ നടപടികൾ സ്വകാര്യ കമ്പനികളിലൂടെയും ഗവ.തലത്തിലൂടെയും പ്ലേസ്മെന്റ് ലഭ്യമാക്കുന്നുണ്ട്. കൂടാതെ ഓരോ വർഷവും 14 ജില്ലകളിലും ജോബ് ഫെയർ സംഘടിപ്പിക്കുന്നുണ്ട്. എല്ലാ ഐ.ടി.ഐ കളിലും പ്ലേസ്മെന്റ് സെല്ലുകൾ ഭംഗിയായി പ്രവർത്തിച്ചു വരുന്നു. സ്വദേശത്തും വിദേശത്തും ഒരു പോലെ തൊഴിൽ ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്. ആർ.ഐ സെന്ററുകൾ വഴി അപ്രന്റീസ് മേളകൾ സംഘടിപ്പിക്കാറുണ്ട്.<br><br>നീതിയുക്തമായ തൊഴിൽലഭ്യത ഉറപ്പാക്കുന്നതിനും പ്രാദേശിക തൊഴിൽ സങ്കീർണതകളെ പരിഹരിക്കുന്നതിനുമായി എല്ലാ ജില്ലകളിലും ജില്ലാ സ്കിൽ കമ്മിറ്റികൾ രൂപീകരിക്കുകയും, ജില്ലയിലെ പ്രാദേശിക തൊഴിൽ മേഖലയുടെ ആവശ്യങ്ങൾ ക്കനുസരിച്ച് വികേന്ദ്രികൃത മാതൃകയിൽ നൈപുണ്യ വികസന പദ്ധതികൾ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) മുഖേന തയ്യാറാക്കി നടപ്പിലാക്കി വരുന്നു. ഇതിനോടൊപ്പം തന്നെ പ്രാദേശിക തലത്തിൽ ഉന്നത വിദ്യാഭ്യാസ യോഗ്യതകളുള്ള യുവജനങ്ങൾക്ക് മതിയായ തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായും, കൂടാതെ യുവജനങ്ങൾക്കിടയിൽ വ്യാപകമായി വരുന്ന കുടിയേറ്റ പ്രവണത നിരുത്സാഹ പ്പെടുത്തുന്നതിനുമായി സംസ്ഥാനത്തിന്റെ വ്യാവസായിക നയങ്ങളിൽ ഊന്നൽ നൽകിയിട്ടുള്ള വിവിധ സെക്ടറുകൾക്ക് ആവശ്യമായ വിദഗ്ധ മാനവശേഷിയെ ലഭ്യമാക്കുന്നതിനായി ഈ മേഖലകളിൽ കേന്ദ്രീകരിച്ച നൈപുണ്യ വികസന പ്രവർത്തനങ്ങളും കെയ്സ് നടപ്പിലാക്കി വരുന്നു. ഇതിലൂടെ നമ്മുടെ സംസ്ഥാനത്തേക്ക് കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും, കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാനും സാധിക്കും. |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്തെ സംഘടിത തൊഴിൽമേഖലയിൽ സ്ത്രീ പങ്കാളിത്തത്തിലുള്ള കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | സംസ്ഥാനത്തെ സംഘടിത തൊഴിൽ മേഖലയിൽ സ്ത്രീ പങ്കാളിത്തത്തിൽ ഉള്ള കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>സംസ്ഥാനത്ത് സ്ത്രീ തൊഴിലാളികൾക്ക് സുരക്ഷിതവും സമാധാനപരവുമായി തൊഴിലെടുക്കുന്നതിനുള്ള അന്തരീക്ഷമാണ് നിലവിലുള്ളത്. ജോലി സ്ഥലത്ത് സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനും അവരുടെ അന്തസ്സും സുരക്ഷയും സംരക്ഷിക്കുന്നതിനുമായി തൊഴിലുടമ ഏർപ്പെടുത്തി നൽകേണ്ട സൗകര്യങ്ങൾ 2018 ലെ കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് ഭേദഗതി പ്രകാരം വ്യവസ്ഥ ചെയ്യുന്നു.<br><br>സ്ത്രീയ്ക്കും പുരുഷനും തുല്യമായി തൊഴിലെടുക്കുന്നതിനു ആവശ്യമായ സൗകര്യങ്ങൾ ചെയ്യുന്നതോടൊപ്പം കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് ഭേദഗതി പ്രകാരം രാത്രി 7 മണി മുതൽ രാവിലെ 6 മണി വരെയുള്ള രാത്രികാലങ്ങളിൽ സ്ത്രീകൾക്ക് തൊഴിലെടുക്കുന്നതിനുള്ള അവസരവും ഉറപ്പാക്കിയിട്ടുണ്ട്. മേൽ ഭേദഗതി പ്രകാരം തൊഴിലാളികളെ 5 പേരുടെ ഗ്രൂപ്പ് ആയും മേൽ 5 പേരുടെ ഗ്രൂപ്പിൽ നിർബന്ധമായും രണ്ടു സ്ത്രീ തൊഴിലാളികൾ ഉൾപ്പെടണം എന്ന നിബന്ധനയും ഉൾപ്പെടുത്തിയിട്ടുണ്ട്. അതോടൊപ്പം സ്ത്രീ തൊഴിലാളികളുടെ സുരക്ഷയും സ്ത്രീ തൊഴിലാളികളുടെ യാത്രാ സൗകര്യവും മാനേജ്മെന്റ് ഉറപ്പാക്കണം എന്നും ഭേദഗതി വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (സി) | വനിതകൾക്ക് കൂടുതൽ തൊഴിൽ പങ്കാളിത്തം ഉറപ്പാക്കുന്നതിന് സഹായിക്കുന്ന നൈപുണ്യ പരിശീലന പദ്ധതികൾ ആവിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (സി) | വനിതകൾക്ക് കൂടുതൽ തൊഴിൽ പങ്കാളിത്തം ഉറപ്പാക്കുന്നതിന് വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള ഐ.ടി.ഐകളിൽ 30 ശതമാനം സീറ്റ് സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വനിതകൾക്കു മാത്രമായി 14 വനിതാ ഐ.ടി.ഐകൾ പ്രവർത്തിച്ചു വരുന്നു. വിദേശത്തും സ്വദേശത്തും സ്ത്രീകൾക്ക് തൊഴിൽ ലഭിക്കുന്നതിനാവശ്യമായ നൂതന ട്രേഡുകളിൽ വ്യാവസായിക പരിശീലന വകുപ്പ് മുഖേന പരിശീലനം നൽകി വരുന്നുണ്ട്.<br><br>സംസ്ഥാത്ത് വിവിധ വിഭാഗങ്ങൾക്കിടയിലെ തൊഴിലില്ലായ്മ പ്രത്യേകമായി വിലയിരുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ഒരു സ്കിൽ ഗ്യാപ് സ്റ്റഡി നടത്തുന്നതിനുള്ള നടപടികൾ കെയ്സ് നിലവിൽ നടത്തി വരികയാണ്. ഈ സ്കിൽ ഗ്യാപ് സ്റ്റഡിയിൽ ലഭ്യമാകുന്ന വിവിധ വിഭാഗങ്ങൾക്കിടയിലുള്ള തൊഴിലില്ലായ്മ അനുസരിച്ച് ഓരോ വിഭാഗത്തിനും അനുയോജ്യമായ നൈപുണ്യ വികസന പദ്ധതികൾ |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്നതിനും, നൈപുണ്യ വികസനം വികേന്ദ്രീകൃത മാതൃകയിൽ വിപുലപ്പെടുത്തി എല്ലാ ജനവിഭാഗത്തിനും നൈപുണ്യ പരിശീലനത്തിലൂടെ തൊഴിൽക്ഷമത ആർജിക്കുന്നതിന് വേണ്ടി സംസ്ഥാന നൈപുണ്യ വികസന മിഷനായ കെയ്സിൽ സ്കിൽ കൺവർജൻസ് ഡിവിഷൻ പ്രവർത്തനം ആരംഭിച്ചു, വനിതകൾക്കുൾപ്പെടെ പ്രയോജന പ്പെടുന്ന രീതിയിൽ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തി വരുന്നു. |
| (ഡി) | മികച്ച നൈപുണ്യശേഷിയുള്ള യുവജനങ്ങളെ സൃഷ്ടിക്കുന്നതിൽ കേരളത്തിനുള്ള ശേഷി മറ്റ് സംസ്ഥാനങ്ങൾക്ക് അനുകരിക്കാവുന്ന മാതൃകയാക്കി മാറ്റുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | തൊഴിലിന്റെ മൂല്യവും മഹത്വവും യുവജനങ്ങൾക്കിടയിൽ വർദ്ധിപ്പിക്കുന്നതിനായി കുട്ടികൾക്ക് പഠനത്തോടൊപ്പം ജോലി നൽകുക എന്ന ലക്ഷ്യത്തോടെ തൊഴിൽ വകുപ്പ് കർമ്മചാരി പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. പൊതുവിദ്യാഭ്യാസ-ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടു കൂടിയാണ് തൊഴിൽ വകുപ്പ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സജ്ജമാക്കിയിട്ടുള്ള പോർട്ടലിൽ വിദ്യാർത്ഥികൾക്ക് അവരുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുഖേന രജിസ്ട്രേഷൻ നടത്താവുന്നതും, തൊഴിലുടമകൾ അവർ തൊഴിൽ നൽകുവാൻ ഉദ്ദേശിക്കുന്ന തൊഴിൽ മേഖലയും തസ്തികയും, തൊഴിലുകളുടെ എണ്ണവും പ്രസ്തുത പോർട്ടലിൽ അറിയിക്കുകയും അതനുസരിച്ച് വിദ്യാർത്ഥികളെ ജോലിയ്ക്ക് നിയോഗിക്കുകയും ചെയ്യുന്നതാണ്. നിലവിൽ എറണാകുളം ജില്ലയിലെ കൊച്ചിൻ കോർപ്പറേഷൻ പരിധിയിൽ നടപ്പിലാക്കിയ പ്രസ്തുത പദ്ധതി എറണാകുളം ജില്ല മുഴുവനായും തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ കൂടി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കിമാറ്റുക എന്ന ലക്ഷ്യത്തോടുകൂടി 2012-13 സാമ്പത്തിക വർഷം മുതൽ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന എംപ്ലോയബിലിറ്റി സെന്റർ പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കി വരുന്നു. ടി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ ഉദ്യോഗാർഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസ്സെസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി, സോഫ്റ്റ് സ്കില്ലുകൾക്കും, ഭാഷാ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും, തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്കു അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീലനകേന്ദ്രങ്ങൾ മുഖേനയും പരിശീലനം |

നൽകുകയും ഇപ്രകാരം പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യമേഖലയിലെ തൊഴിലവസരം ലഭ്യമാക്കുന്നതിനായി തൊഴിൽ ദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും ജോബ്ഫെയറുകൾ സംഘടിപ്പിച്ചും ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടിയെടുക്കുവാൻ എംപ്ലോയബിലിറ്റി സെന്ററുകൾ അവസരം ഉണ്ടാക്കി കൊടുക്കുന്നുണ്ട്. സംസ്ഥാനത്തെ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പമാണ് എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചു വരുന്നത്. നിലവിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചു വരുന്നു.

മികച്ച നൈപുണ്യ ശേഷിയുള്ള യുവജനങ്ങളെ സൃഷ്ടിക്കാനുതകുന്നതിന് കേരളത്തിലുള്ള ശേഷി മറ്റ് സംസ്ഥാനങ്ങൾക്ക് അനുകരിക്കാവുന്ന മാതൃകയാക്കി മാറ്റുന്നതിന് വ്യാവസായിക പരിശീലന വകുപ്പിന് സാധിച്ചിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിന്റെ പരിശീലന മാതൃക മനസ്സിലാക്കി ആയത് പിന്തുടരാൻ ഉദ്യോഗസ്ഥ വൃന്ദം ഐ.ടി.ഐകൾ സന്ദർശനം നടത്താറുണ്ട്. പുറം രാജ്യങ്ങളിൽ നിന്നും കേരളത്തിന്റെ മാതൃക അനുകരിക്കാൻ ഉദ്യോഗസ്ഥർ എത്തിച്ചേരാറുണ്ട്. യുവജനങ്ങൾക്ക് വേഗത്തിൽ ജോലി ലഭിക്കുന്നതിനാവശ്യമായതും കാലഘട്ടത്തിനനുസരിച്ച പുതിയ ട്രേഡുകൾ കണ്ടെത്തുകയും അവയിൽ പരിശീലനം നൽകി വരികയും ചെയ്യുന്നുണ്ട്. സ്വദേശത്തും വിദേശത്തും ജോലി ലഭിക്കാൻ ഏറെ സാധ്യതയുള്ള എഞ്ചിനീയറിംഗ് ട്രേഡുകളിലും കമ്പ്യൂട്ടർ അനുബന്ധ ട്രേഡുകളിലും മികച്ച പരിശീലനം നൽകാൻ വ്യാവസായിക പരിശീലന വകുപ്പിന് സാധിക്കുന്നുണ്ട്.

നൈപുണ്യ പരിശീലനത്തിനുള്ള അവസരം എല്ലാ വിഭാഗം ജനങ്ങളിലേക്കും എത്തിക്കുക വഴി, കാലാനുസൃതമായ തൊഴിൽശേഷി എല്ലാവരിലും ഉറപ്പാക്കിയാൽ മാത്രമേ സംസ്ഥാനത്തെ മാനവവിഭവശേഷിയെ കാലാനുചിതമായി വിനിയോഗിക്കുന്നതിനും അത് വഴി നമ്മുടെ സംസ്ഥാനത്തിന്റെ സാമൂഹിക സാമ്പത്തിക പുരോഗതി നിലനിർത്തുന്നതിന് സംസ്ഥാനത്തിന് സാധിക്കൂ. ഈ ലക്ഷ്യം സാധിക്കുന്നതിനായി നമ്മുടെ രാജ്യത്ത് മികച്ച രീതിയിൽ വികേന്ദ്രികൃത മാതൃകയിൽ

| | | | |
|---|---|---|---|
| | | | നൈപുണ്യ വികസനം മികച്ച രീതിയിൽ നടപ്പിലാക്കുന്നത് നമ്മുടെ സംസ്ഥാനത്താണ്. ഇതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ജില്ലാ സ്കിൽ കമ്മിറ്റികളും, അതിലൂടെ ജില്ലാ സ്കിൽ ഡെവലപ്മെന്റ് പ്ലാനും, നൈപുണ്യ വികസനത്തിനെ സംബന്ധിച്ചും, നൈപുണ്യ പരിശീലനത്തിനുള്ള അവസരങ്ങളെ സംബന്ധിച്ച് എല്ലാ തത്പരകക്ഷികൾക്കും ആവശ്യമായ വിവരം ലഭിക്കുന്നതിന് സ്റ്റേറ്റ് സ്കിൽ ഇൻഫർമേഷൻ പോർട്ടൽ ലഭ്യമാക്കുന്നതിനുള്ള നടപടികളും, ഐടിഐ, പോളിടെക്നിക് വിദ്യാർത്ഥികൾക്ക് തൊഴിലധിഷ്ഠിത വിദേശ തുടർ വിദ്യാഭ്യാസത്തിനുള്ള പദ്ധതി എന്നിങ്ങനെ വളരെ കാതലായതും, അനിതര സാധാരണമായ മാതൃകകൾ സംസ്ഥാന നൈപുണ്യ വികസന മിഷനായ കെയ്സ് നടപ്പിലാക്കുന്നുണ്ട്. ആയത് അനുകരിക്കുന്ന തിനായും, പഠിക്കുന്നതിനായും നമ്മുടെ രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലെ നൈപുണ്യ വികസന മിഷനുകളിലെ ഉദ്യോഗസ്ഥർ നമ്മുടെ സംസ്ഥാനത്തേക്ക് വരികയും, ആയത് അവരുടെ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി കെയ്സുമായി ചേർന്ന് പ്രവർത്തിക്കുകയും ചെയ്യാറുണ്ട്. അത്തരം സംസ്ഥാനങ്ങളിൽ നൈപുണ്യ വികസന പ്രവർത്തനങ്ങളിൽ കാര്യക്ഷമമായി ഇടപ്പെടുന്നതിനും സഹായിക്കുന്നതിനും സംസ്ഥാന തൊഴിൽ വകുപ്പിന്റെയും കെയ്സിന്റെ സഹായം തേടാറുമുണ്ട്. |

സെക്ഷൻ ഓഫീസർ